**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *156 | 04.11.2019 ൽ മറുപടിയ്ക്ക് |
|---|---|
| **മാതൃവന്ദന യോജനയ്ക്കുള്ള കേന്ദ്രസഹായം** | |
| ചോദ്യം | മറുപടി |
| **ശ്രീ.പി.ജെ.ജോസഫ്**<br>**" റോഷി അഗസ്റ്റിൻ**<br>**" മോൻസ് ജോസഫ്**<br>**ഡോ.എൻ. ജയരാജ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) മാതൃവന്ദന യോജനയ്ക്കായുള്ള കേന്ദ്രസഹായം എത്രകോടി രൂപയാണ്; ഈ പദ്ധതി പ്രകാരമുള്ള തുക വിതരണം ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) മാതൃവന്ദന യോജനയ്ക്കായി ഇതുവരെ കേന്ദ്രധനസഹായം 96,69,13,000/- (തൊണ്ണൂറ്റി ആറു കോടി അറുപത്തിയൊമ്പത് ലക്ഷത്തി പതിമൂവായിരം രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. PMMVY പ്രകാരമുള്ള ആനുകൂല്യവിതരണത്തിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. ആദ്യസജീവ പ്രസവത്തിന് നിബന്ധനകളുടെ അടിസ്ഥാനത്തിൽ 3 ഗഡുക്കളായി 5000/- രൂപ ആനുകൂല്യം നൽകുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്ഥിര ജോലിയുള്ളവരും, സമാന ആനുകൂല്യം നിയമാനുസൃതം കൈപ്പറ്റുന്നവരും പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരല്ല. എന്നാൽ അങ്കണവാടി ജിവനക്കാർക്കും ആശാവർക്കർമാർക്കും, ANM പ്രവർത്തകർക്കും ഈ ആനുകൂല്യത്തിനായി അപേക്ഷിക്കാം. 01.01.2017 മുതലാണ് ഈ പദ്ധതി പ്രാബല്യത്തിൽ വന്നത്. എം.സി.പി കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ള എൽ.എം.പി തീയതി പ്രകാരമാണ് ഗർഭാവസ്ഥയും തീയതിയും കണക്കാക്കുന്നത്. ഗർഭാവസ്ഥയിലോ പ്രസവ സമയത്തോ കുഞ്ഞ് മരണമടഞ്ഞാൽ അടുത്ത പ്രസവത്തിൽ വീണ്ടും ആനുകൂല്യത്തിന് അപേക്ഷിക്കാവുന്നതാണ്. |

<table>
<tr>
<td></td>
<td>പി.എം.എം.വി.വൈയുടെ നിബന്ധനകളും ഗഡുക്കളും ചുവടെ ചേർക്കുന്നു.
<table>
<tr><th>ഗഡു</th><th>നിബന്ധന</th><th>ആനുകൂല്യം (രൂപാ നിരക്കിൽ)</th></tr>
<tr><td>1</td><td>ഗർഭാവസ്ഥ 150 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യണം</td><td>1,000/-</td></tr>
<tr><td>2</td><td>LMP കഴിഞ്ഞ് 6 മാസത്തിനുള്ളിൽ ഒരു ANC കഴിഞ്ഞിരിക്കണം.</td><td>2,000/-</td></tr>
<tr><td>3</td><td>കുഞ്ഞിന്റെ ജനനം രജിസ്റ്റർ ചെയ്തിരിക്കണം. കുഞ്ഞിന് ആദ്യ ഘട്ട ബിസിജി, ഒപിവി, ഡിപിറ്റിയും ഹെപ്പറ്റൈറ്റിസ്-ബി (തത്തുല്യമായതോ) തുടങ്ങിയ കുത്തി വെയ്പുകൾ പൂർത്തീകരിക്കണം.</td><td>2,000/-</td></tr>
</table>
</td>
</tr>
<tr>
<td>(ബി) ഈ പദ്ധതി എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും നടപ്പിലാക്കി വരുന്നുണ്ടോ; ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ;</td>
<td>(ബി) PMMVY നടപ്പിലാക്കി വരുന്നത് വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള ICDS platform വഴിയാണ്. ഇതുവരെ 3,48,880 ഗുണഭോക്താക്കൾക്കായി 139,15,04,000/- രൂപ DBT ചെയ്ത് നൽകിയിട്ടുണ്ട്.</td>
</tr>
<tr>
<td>(സി) ഗുണഭോക്താക്കൾക്ക് നേരിട്ട് സഹായം ലഭ്യമാക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; വ്യക്തമാക്കാമോ?</td>
<td>(സി) ഗുണഭോക്താക്കളുടെ ആധാർ സീഡഡ് ബാങ്ക് അക്കൗണ്ടിൽ ആനുകൂല്യം DBT ചെയ്യപ്പെടുന്നു. ഇപ്രകാരം ഗുണഭോക്താവിന് നേരിട്ട് ധനസഹായം ലഭ്യമാകുന്നു. അങ്കണവാടികൾ മുഖേന വിതരണം ചെയ്യുന്ന ഫോം, ഗുണഭോക്താവ് പൂരിപ്പിച്ച് നൽകിയ ശേഷം ICDS ഓഫീസുകളിൽ ശേഖരിച്ച് ആവശ്യമായ പരിശോധനകൾക്ക് ശേഷം പിഎംഎംവിവൈ, സിഎഎസ് എന്ന സോഫ്റ്റ് വെയറിൽ ഡേറ്റ എൻട്രി ചെയ്യുന്നു. സിഡിപിഒ അംഗീകരിച്ചു നൽകുന്ന അപേക്ഷകളിൽ, സോഫ്റ്റ് വെയർ അപാകത പരിഹരിക്കേണ്ടവ കറക്ഷൻ ക്യൂവിൽ ലഭ്യമാകുന്നു. അപാകതയില്ലാത്തവ ആനുകൂല്യം ലഭ്യമാക്കുന്നതിന്</td>
</tr>
</table>

| | |
|---|---|
| | സ്റ്റേറ്റ് നോഡൽ ഓഫീസറുടെ അംഗീകാരത്തിനായി സോഫ്റ്റ് വെയർ മുഖേന നൽകപ്പെടുന്നു. സ്റ്റേറ്റ് നോഡൽ ഓഫീസറുടെ അംഗീകാരം ലഭിച്ചവ പിഎഫ്എംഎസ് മുഖേനയുള്ള ആനുകൂല്യം വിതരണത്തിനായി സമർപ്പിക്കുന്നു. എല്ലാ വെരിഫിക്കേഷനും പൂർത്തിയാക്കിയശേഷം ഗുണഭോക്താവിന്റെ ആധാർ സീഡഡ് ബാങ്ക് അക്കൗണ്ടിൽ ആനുകൂല്യം ഡിബിറ്റി (Direct Benefit Transfer) ചെയ്യപ്പെടുന്നു. |

സെക്ഷൻ ഓഫീസർ